# പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

# ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2016 നവംബർ 7, തിങ്കൾ

**നമ്പർ 39**

രാവിലെ 8.30-ന് സ്പീക്കറുടെ അദ്ധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു.

ചോദ്യങ്ങൾ :

മറുപടി പറയാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ നാലെണ്ണം സഭയിൽ ചോദിക്കുകയും അവയ്ക്ക് വാങ്മൂലം മറുപടി നൽകുകയും ചെയ്തു.

അടിയന്തരപ്രമേയം:

പെയർ ട്രോളിംഗും ചെറുമീനുകളെ പിടിക്കുന്നതിനെ സംബന്ധിച്ച തർക്കവും തീരദേശ മേഖലയെ സംഘർഷത്തിലേക്കും മത്സ്യക്ഷാമത്തിലേക്കും മത്സ്യത്തൊഴിലാളികളുടെ ആത്മഹത്യയിലേക്കും തള്ളിവിടുന്നതായി പറയപ്പെടുന്ന ഗുരുതര സാഹചര്യം സഭാനടപടികൾ നിർത്തിവച്ച് ചർച്ചചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് ശ്രീ. ഹൈബി ഈഡനും മറ്റ് രണ്ടംഗങ്ങളും ചേർന്ന് അടിയന്തരപ്രമേയത്തിന് നോട്ടീസ് നൽകിയിരുന്നു. മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രിയുടെ മറുപടിയുടെ വെളിച്ചത്തിൽ അടിയന്തര പ്രമേയത്തിന് സ്പീക്കർ അവതരണാനുമതി നിഷേധിച്ചു

ശ്രദ്ധ ക്ഷണിക്കൽ :

(1) മദ്യവർജ്ജനനയം നടപ്പാക്കുന്നതിനായി ജനപങ്കാളിത്തത്തോടെയുള്ള ബോധവൽക്കരണ പരിപാടികൾ ആവിഷ്കരിക്കേണ്ടതിന്റെ ആവശ്യകതയിലേക്ക് ശ്രീ. സി. ദിവാകരൻ തൊഴിലും എക്സൈസും വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

(2) അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരുടെയും അടിസ്ഥാന സൗകര്യങ്ങളുടെയും കുറവുമൂലം, സംസ്ഥാനത്ത് പുതുതായി പ്രവർത്തനം ആരംഭിച്ച സർക്കാർ മെഡിക്കൽ കോളേജുകൾ നേരിടുന്നതായി പറയപ്പെടുന്ന പ്രതിസന്ധികളിലേക്ക് ശ്രീ. എം. ഉമ്മർ ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന ചെയ്തു.

KNPP. 54/2017(i).

<u>ചട്ടം 304 പ്രകാരം സഭയിൽ ഉന്നയിക്കപ്പെട്ട വിഷയങ്ങൾ</u> :

ചട്ടം 304 പ്രകാരം താഴെപ്പറയുന്ന വിഷയങ്ങൾ അംഗങ്ങൾ സഭയിൽ ഉന്നയിച്ചു :

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | ശ്രീമതി പി. അയിഷാ പോറ്റി | വെളിയം, നെടുവത്തൂർ പഞ്ചായത്തു കളിലെ പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങൾ പുനരുജ്ജീവിപ്പിക്കുന്നത് സംബന്ധിച്ച് | മുഖ്യമന്ത്രി |
| 2 | ശ്രീ. കെ. ദാസൻ | കെൽട്രോൺ മൂടാടി യൂണിറ്റിന്റെ വികസനം സംബന്ധിച്ച് | മുഖ്യമന്ത്രി |
| 3 | ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് | എടയാർ വ്യവസായ മേഖലയിലെ ബിനാനി സിങ്ക് ലിമിറ്റഡ് അടഞ്ഞ് കിടക്കുന്നത് സംബന്ധിച്ച് | മുഖ്യമന്ത്രി |
| 4 | ശ്രീ. ആർ. രാമചന്ദ്രൻ | ടി. എസ്. കനാലിനോട് ചേർന്ന ഭാഗങ്ങളിൽ ഉപ്പുവെള്ളം കയറി കൃഷി നശിക്കുന്നത് സംബന്ധിച്ച് | മുഖ്യമന്ത്രി |
| 5 | ശ്രീ. ഷാഫി പറമ്പിൽ | ശൈവവെള്ളാള സമുദായത്തിന് ഒ.ബി.സി. സംവരണം പുനഃസ്ഥാപിക്കുന്നത് സംബന്ധിച്ച് | പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി |
| 6 | ശ്രീമതി സി. കെ. ആശ | പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ശവസംസ്കാരം നടത്തുന്നതിന് അനുവദിച്ചിട്ടുള്ള ഭൂമി സംരക്ഷിക്കുന്നത് സംബന്ധിച്ച് | പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 7 | ശ്രീ. കെ. ജെ. മാക്സി | ഫോർട്ട് കൊച്ചി സെന്റ് ജോൺ പാട്ടം ഗിനികോളനി നിവാസികൾക്ക് പട്ടയം വിതരണം ചെയ്യുന്നത് സംബന്ധിച്ച് | റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |
| 8 | ശ്രീ. വി. അബ്ദുറഹിമാൻ | താനൂർ സി.എച്ച്.സി.യെ താലൂക്കാശുപത്രി ആയി ഉയർത്തുന്നത് സംബന്ധിച്ച് | ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി |
| 9 | ശ്രീ. പി. കെ. അബ്ദു റബ്ബ് | നിയമ വിരുദ്ധമായി സംസ്ഥാനത്ത് പ്രവർത്തിക്കുന്ന വിവിധ ചികിത്സാ കേന്ദ്രങ്ങൾ സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ സംബന്ധിച്ച് | ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി |
| 10 | ശ്രീ. മോൻസ് ജോസഫ് | ക്ഷീര കർഷകരുടെ പ്രശ്നങ്ങൾ സംബന്ധിച്ച് | വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി. |

അതത് വിഷയം സംബന്ധിച്ച് ബന്ധപ്പെട്ട മന്ത്രിമാർ പ്രസ്താവന നടത്തി.

<u>മേശപ്പുറത്തു വച്ച കടലാസുകൾ</u> :

താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തു വച്ചു :

<u>ചട്ടം 47 (2) പ്രകാരം</u> :

പതിനാലാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനത്തിലെ 2377-ാം നമ്പർ നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അതിന് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

പതിനാലാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനത്തിലെ 2378-ാം നമ്പർ നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അതിന് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

പതിനാലാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനത്തിലെ 1170-ാം നമ്പർ നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ മറുപടിയും അതിന് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

റിപ്പോർട്ട് സമർപ്പണം :

താഴെപ്പറയുന്ന റിപ്പോർട്ടുകൾ സമർപ്പിച്ചു :

1. സബ്ജക്ട് കമ്മിറ്റി XII-ന്റെ 2015-2016 സാമ്പത്തിക വർഷത്തേക്കുള്ള ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്.

2. സബ്ജക്ട് കമ്മിറ്റി XIV-ന്റെ 2015-2016 സാമ്പത്തിക വർഷത്തേക്കുള്ള ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്.

3. സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റിയുടെ ഒന്നു മുതൽ മൂന്നുവരെയുള്ള റിപ്പോർട്ടുകൾ.

ചട്ടത്തിനുള്ള ഭേദഗതി :

2016 ജൂൺ 7-ാം തീയതിയിലെ സ.ഉ. (അച്ചടി) നമ്പർ 63/2016/റ്റി.ഡി. (എസ്.ആർ.ഒ. നമ്പർ 432/2016) മുഖേന പുറപ്പെടുവിച്ചിട്ടുള്ള 2016-ലെ കേരള ചിറ്റ് ഫണ്ട്സ് (അമെൻറ്മെന്റ്) റൂൾസിന് ശ്രീ. മഞ്ഞളാംകുഴി അലി ഭേദഗതി അവതരിപ്പിച്ചു കൊണ്ട് സംസാരിച്ചു. വകുപ്പുമന്ത്രിയുടെ മറുപടിയെ തുടർന്ന് അവതരിപ്പിക്കപ്പെട്ട ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

നിയമനിർമ്മാണകാര്യം :

ധനകാര്യവും കയറും വകുപ്പുമന്ത്രി ഡോ. ടി. എം. തോമസ് ഐസക് സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2016-ലെ കേരള ധനകാര്യ ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം അവതരിപ്പിച്ചു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടിന് വിയോജനക്കുറിപ്പ് രേഖപ്പെടുത്തിയ താഴെപ്പറയുന്ന അംഗങ്ങൾ സംസാരിച്ചു.

1. ഡോ. എൻ. ജയരാജ്
2. ശ്രീ. റ്റി. എ. അഹമ്മദ് കബീർ
3. " തിരുവഞ്ചൂർ രാധാകൃഷ്ണൻ
4. " വി. ഡി. സതീശൻ
5. " എൻ. ഷംസുദ്ദീൻ.

ബിൽ പൊതുജനാഭിപ്രായം തേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഒരു ഭേദഗതി ശ്രീ. ചിറ്റയം ഗോപകുമാർ ചുമതലപ്പെടുത്തിയതനുസരിച്ച് ശ്രീ. മുല്ലക്കര രത്നാകരനും ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ശ്രീ. കെ. മുരളീധരൻ ചുമതലപ്പെടുത്തിയ പ്രകാരം ശ്രീ. കെ. സി. ജോസഫും അവതരിപ്പിച്ചു. ചർച്ചയ്ക്കും മന്ത്രിയുടെ മറുപടിക്കും ശേഷം ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു. അതിനുശേഷം ബിൽ വകുപ്പു തിരിച്ചുള്ള പരിഗണനയ്ക്ക് എടുക്കുകയും താഴെപ്പറയുന്ന ഭേദഗതികളോടെ പാസ്സാക്കുകയും ചെയ്തു:

<u>നാലാം വകുപ്പ്</u>

In clause 4 (1) the words "in sub section (1) of section 76,-" shall be substituted with the words "for sub section (1) of section 76, the following sub-section shall be substituted, namely,-".

<u>ഒമ്പതാം വകുപ്പ്</u>

In the 17th proviso to section 6 (1) of the Kerala Value Added Tax Act, 2003 proposed to be inserted by clause 9 (1) (a) (ii) after the words "cooked food" add the word "sweets".

In the 17th proviso to section 6 (1) of the Kerala Value Added Tax Act, 2003 proposed to be inserted by clause 9 (1) (a) (ii) after the words "cooked food" add the words "and fruit juices".

In the 17th proviso to section 6 (1) of the Kerala Value Added Tax Act, 2003 proposed to be inserted by clause 9 (1) (a) (ii) after the words "cooked food" add the word "beverages".

2016 നവംബർ 8-ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി ഉച്ചയ്ക്ക് ശേഷം 2.14-ന് സഭ പിരിഞ്ഞു.

വി. കെ. ബാബുപ്രകാശ്,

*സെക്രട്ടറി.*

FOURTEENTH KERALA LEGISLATIVE ASSEMBLY

**Second Session**

# BULLETIN—PART I

(Brief Record of Proceedings)

*Monday, November 7, 2016*

**No. 39**

The Assembly met at 8.30 a.m. with Mr. Speaker in the Chair.

*Questions:*

Four questions in the list of questions posted for the day were answered orally.

*Adjournment Motion:*

After hearing the Minister for Fisheries, Harbour Engineering and Cashew Industry, the Speaker withheld consent to the moving of an adjournment motion given notice of by Shri Hibi Eden and two other members regarding the serious situation reported to have arisen across the coastal areas consequent on the clashes related to pair trawling and juvenile fishing leading to depletion of fish stock and incidents of suicide among the fisher folk.

*Calling Attention:*

(1) Shri C. Divakaran called the attention of the Minister for Labour and Excise to the necessity to formulate awareness programmes with people's participation, for implementation of liquor abstention policy. The Minister made a statement thereto.

(2) Shri M. Ummer called the attention of the Minister for Health and Social Justice to the crisis reportedly being faced by the newly established Government Medical Colleges in the State due to lack of teaching-non teaching staff as well as infrastructure facilities. Minister made a statement thereto.

KNPP. 54/2017(ii).

*The matters raised Under Rule 304:*

The matters raised by Members in the House Under Rule 304 is listed below :

| ക്രമ നമ്പർ | അംഗത്തിന്റെ പേര് | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | ശ്രീമതി പി. അയിഷാ പോറ്റി | വെളിയം, നെടുവത്തൂർ പഞ്ചായത്തു കളിലെ പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങൾ പുനരുജ്ജീവിപ്പിക്കുന്നത് സംബന്ധിച്ച് | മുഖ്യമന്ത്രി |
| 2 | ശ്രീ. കെ. ദാസൻ | കെൽട്രോൺ മൂടാടി യൂണിറ്റിന്റെ വികസനം സംബന്ധിച്ച് | മുഖ്യമന്ത്രി |
| 3 | ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് | എടയാർ വ്യവസായ മേഖലയിലെ ബിനാനി സിങ്ക് ലിമിറ്റഡ് അടഞ്ഞ് കിടക്കുന്നത് സംബന്ധിച്ച് | മുഖ്യമന്ത്രി |
| 4 | ശ്രീ. ആർ. രാമചന്ദ്രൻ | ടി.എസ്. കനാലിനോട് ചേർന്ന ഭാഗങ്ങളിൽ ഉപ്പുവെള്ളം കയറി കൃഷി നശിക്കുന്നത് സംബന്ധിച്ച് | മുഖ്യമന്ത്രി |
| 5 | ശ്രീ. ഷാഫി പറമ്പിൽ | ശൈവവെള്ളാള സമുദായത്തിന് ഒ.ബി.സി. സംവരണം പുനഃസ്ഥാപിക്കുന്നത് സംബന്ധിച്ച് | പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി |
| 6 | ശ്രീമതി സി. കെ. ആശ | പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ശവസംസ്കാരം നടത്തുന്നതിന് അനുവദിച്ചിട്ടുള്ള ഭൂമി സംരക്ഷിക്കുന്നത് സംബന്ധിച്ച് | പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി |

| 1 | 2 | 3 | 4 |
|---|---|---|---|
| 7 | ശ്രീ. കെ. ജെ. മാക്സി | ഫോർട്ട് കൊച്ചി സെന്റ് ജോൺ പാട്ടം മിനികോളനി നിവാസികൾക്ക് പട്ടയം വിതരണം ചെയ്യുന്നത് സംബന്ധിച്ച് | റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |
| 8 | ശ്രീ. വി. അബ്ദുറഹിമാൻ | താനൂർ സി.എച്ച്.സി.യെ താലൂക്കാശുപത്രി ആയി ഉയർത്തുന്നത് സംബന്ധിച്ച് | ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി |
| 9 | ശ്രീ. പി. കെ. അബ്ദു റബ്ബ് | നിയമ വിരുദ്ധമായി സംസ്ഥാനത്ത് പ്രവർത്തിക്കുന്ന വിവിധ ചികിത്സാ കേന്ദ്രങ്ങൾ സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ സംബന്ധിച്ച് | ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി |
| 10 | ശ്രീ. മോൻസ് ജോസഫ് | ക്ഷീര കർഷകരുടെ പ്രശ്നങ്ങൾ സംബന്ധിച്ച് | വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി. |

The Ministers concerned made statements thereto.

*Papers laid on the Table:*

The following papers were laid on the table :

*As per Rule 47(2):*

പതിനാലാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനത്തിലെ 2377-ാം നമ്പർ നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും അതിന് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

പതിനാലാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനത്തിലെ 2378-ാം നമ്പർ നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും അതിന് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

പതിനാലാം കേരള നിയമസഭയുടെ ഒന്നാം സമ്മേളനത്തിലെ 1170-ാം നമ്പർ നക്ഷത്രചിഹ്നമിടാത്ത ചോദ്യത്തിന്റെ മറുപടിയും അതിന് യഥാസമയം മറുപടി നൽകുവാൻ സാധിക്കാതിരുന്നതിനുള്ള കാരണം കാണിക്കൽ സ്റ്റേറ്റ്മെന്റും.

*Presentation of Reports:*

The following Reports were presented :

1. Report of Subject Committee XII on the actions taken by the Government on the Fifth Report on the Scrutiny of demands for grants for the financial year 2015-2016.
2. Report of Subject Committee XIV on the actions taken by the Government on the fifth Report on the Scrutiny of demands for grants for the financial year 2015-2016.
3. The First to Third Reports of the Committee on Subordinate Legislation.

*Amendments to Rule:*

The Amendments given notice of by Shri Manjalamkuzhi Ali, to the Kerala Chit Funds (Amendment) Rules, 2016 issued in G.O. (P) No. 63/2016/TD. Dated 7-6-2016 (S.R.O. No. 432/2016) were moved. After reply from the Minister for Finance and Coir the moved amendments were withdrawn by the leave of the House.

*Legislative Business:*

DR. T. M. Thomas Isaac, Minister for Finance and Coir moved that the Kerala Finance Bill, 2016 as reported by the Subject Committee be taken into consideration.

The following Members who gave minutes of dissent to the Subject Committee report spoke :

1. DR. N. Jayaraj
2. Shri T. A. Ahammed Kabeer
3. " Thiruvanchoor Radhakrishnan
4. " V. D. Satheesan
5. " N. Samsudheen.

An Amendment for circulation of the Bill for eliciting public opinion was moved by Shri Mullakkara Retnakaran as authorised by Shri Chittayam Gopakumar and another amendment for recommittal of the Bill to the same Subject Committee was moved by Shri K. C. Joseph as authorised by Shri K. Muraleedharan. After discussion and reply by the Minister the amendments moved were withdrawn by the leave of the House. The Bill was then taken into consideration clause by clause and passed with the following amendments:

*Clause 4*

In clause 4 (1) the words "in sub section (1) of section 76,-" shall be substituted with the words "for sub section (1) of section 76, the following sub-section shall be substituted, namely,-".

*Clause 9*

In the 17th proviso to section 6 (1) of the Kerala Value Added Tax Act, 2003 proposed to be inserted by clause 9 (1) (a) (ii) after the words "cooked food" add the word "sweets".

In the 17th proviso to section 6 (1) of the Kerala Value Added Tax Act, 2003 proposed to be inserted by clause 9 (1) (a) (ii) after the words "cooked food" add the words "and fruit juices".

In the 17th proviso to section 6 (1) of the Kerala Value Added Tax Act, 2003 proposed to be inserted by clause 9 (1) (a) (ii) after the words "cooked food" add the word "beverages".

The House adjourned at 2.14 p.m. to meet again at 8.30 a.m. on Tuesday, November 8, 2016.

V. K. BABU PRAKASH,
*Secretary.*